# പതിമൂന്നാം കേരള നിയമസഭ
## പതിമൂന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 2881 — 20.03.15 ൽ - മറുപടിക്ക്

## റേഷൻകാർഡ് പുതുക്കൽ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. പി. ഉബൈദുള്ള : | ശ്രീ. അനൂപ് ജേക്കബ്<br>(ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃസംരക്ഷണവും, രജിസ്ട്രേഷനും വകുപ്പുമന്ത്രി) |
| (എ) റേഷൻ കാർഡ് പുതുക്കലുമായി ബന്ധപ്പെട്ട പ്രയോഗിക വിഷമതകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ അവ പരിഹരിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ; | (എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പരാതികൾ പരിഹരിക്കുന്നതിന് റേഷൻകാർഡ് പുതുക്കലിനായി നൽകിയിരുന്ന അപേക്ഷാ ഫാറങ്ങൾ പൂരിപ്പിക്കുന്നതിന് സഹായിക്കുന്നതിനായി ഫോട്ടോ ക്യാമ്പുകളിൽ ഹെൽപ്പ് ഡസ്ക്കുകൾ സ്ഥാപിക്കുകയും ഒരു ഫോട്ടോ ക്യാമ്പിൽ പരമാവധി 1000 മുതൽ 1200 വരെ കാർഡുടമകൾ വരുന്ന രീതിയിൽ ഫോട്ടോ ക്യാമ്പുകൾ പുനഃസജ്ജീകരിക്കുകയും ചെയ്തു. പ്രായാധിക്യം, ശയ്യാവലംബർ എന്നിവർക്ക് മൊബൈൽ ഫോട്ടോ യൂണിറ്റുകളും നടപ്പിലാക്കി. |
| (ബി) 2007 മുതൽ 2012 വരെയുള്ള നിലവിലുള്ള റേഷൻ കാർഡ് പുതുക്കൽ നടപടികൾ പൂർത്തീകരിച്ച് കഴിയുമ്പോൾ 8 വർഷത്തോളം ഉപയോഗിച്ചിരിക്കുമെന്ന വസ്തുത പരിഗണിച്ച് പുതുക്കുന്ന റേഷൻ കാർഡിന്റെ കാലാവധി 10 വർഷക്കാലമാക്കാൻ നടപടികൾ സ്വീകരിക്കുമോ ? | (ബി) 2007 ൽ റേഷൻ കാർഡുകൾ പുതുക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചു കഴിഞ്ഞുവെങ്കിലും പുതിയ കാർഡുകൾ നിലവിൽ വന്നത് 01.09.2009 മുതലാണ്. എന്നാൽ 01.09.2015-ൽ പുതിയ കാർഡുകൾ നൽകുവാൻ കഴിയുന്ന തരത്തിലാണ് റേഷൻകാർഡ് പുതുക്കലിന്റെ നടപടികൾ മുന്നോട്ട് പോകുന്നത്. കാർഡിന്റെ കാലാവധി വർദ്ധിപ്പിക്കുന്നത് സംബന്ധിച്ച് നിലവിൽ തീരുമാനമായിട്ടില്ല. |
| (സി) തെറ്റുകൾ തിരുത്തുന്നതിനും അപേക്ഷ സമർപ്പിക്കുന്നതിനും പേരുകൾ മാറ്റുന്നതിനും അക്ഷയ വഴി ഓൺലൈനായി സൗകര്യങ്ങൾ ഏർപ്പെടുത്തുമോ? | (സി) നിലവിൽ കാർഡ് പുതുക്കൽ നടപടികൾ നടന്നുകൊണ്ടിരിക്കുന്നതിനാൽ അക്ഷയ വഴിയുള്ള അപേക്ഷകൾ സ്വീകരിക്കുന്നതല്ല. |

സെക്ഷൻ ഓഫീസർ